**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3925** **06-08-2021 - ൽ മറുപടിയ്ക്ക്**

**കുടിവെള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ്, കണ്ണൂർ ജില്ലകളിലെ വിവിധ പഞ്ചായത്തുകളിൽ കുടിവെള്ള വിതരണത്തിനായി ആവിഷ്കരിച്ച തൃക്കരിപ്പൂർ ആന്റ് അഡ്ജോയിനിംഗ് പഞ്ചായത്ത് എന്ന പദ്ധതിയിൽ ഏതെല്ലാം പഞ്ചായത്തുകളാണ് ഉൾപ്പെട്ടിട്ടുള്ളത് എന്ന് അറിയിക്കുമോ; | (എ) | ജല ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി തൃക്കരിപ്പൂരിനും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതിയിൽ കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ, ചെറുവത്തൂർ, പടന്ന, പീലിക്കോട്, വലിയപറമ്പ് പഞ്ചായത്തും കണ്ണൂർ ജില്ലയിലെ കരിവെള്ളൂർപെരളം, കാങ്കോൽ ആലപ്പടമ്പ എന്നീ പഞ്ചായത്തുകളുമാണ് ഉൾപെട്ടിട്ടുള്ളത്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ നിലവിലെ അവസ്ഥ എന്താണെന്ന് വിശദമാക്കുമോ? | (ബി) | ജൽ ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിക്കുന്നതിനു മുന്നോടിയായി  പദ്ധതി സ്റ്റേറ്റ് ലെവൽ സ്കീം സാങ്ങ്ഷനിംഗ് കമ്മറ്റിയുടെ (SLSSC) പരിഗണനയിൽ വച്ച് അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ